**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**2017 മാർച്ച് 15 ലെ മറുപടിക്ക്**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3779**

## <u>ശമ്പള സ്കെയിലുകളിലെ അനോമലി</u>

| **ചോദ്യം: ശ്രീ.കെ.എസ്.ശബരീനാഥൻ** | **ഉത്തരം: ഡോ.റ്റി.എം.തോമസ് ഐസക്** <br> **(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** ആരോഗ്യ വകുപ്പിലെ ജൂനിയർ ലബോറട്ടറി അസിസ്റ്റൻറ് തസ്തികയുടെ ഇപ്പോഴത്തെ ശമ്പള സ്കെയിൽ എത്രയാണ്; ഈ തസ്തികയുടെ പ്രൊമോഷൻ തസ്തിക ഏതാണ്; പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണ്; | ആരോഗ്യ വകുപ്പിലെ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ Rs.17500-39500 ആണ്. പ്രസ്തുത തസ്തികയുടെ പ്രൊമോഷൻ തസ്തിക സി.എസ്.ആർ. ടെക്നീഷ്യൻ ഗ്രേഡ്-II (സ്റ്റെറിലൈസേഷൻ ടെക്നീഷ്യൻ ഗ്രേഡ്-II) ആണ്. ടി തസ്തികയുടെ ശമ്പള സ്കെയിൽ Rs.19000-43600 ആണ്. |
| **(ബി)** കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ ഈ തസ്തികകളിലെ ശമ്പള സ്കെയിൽ എപ്രകാരമായിരുന്നു; | ഒൻപതാം ശമ്പള പരിഷ്കരണത്തിൽ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ Rs.8960-14260 ആയിരുന്നു. ടി തസ്തികയുടെ പ്രൊമോഷൻ തസ്തികയായ സി.എസ്.ആർ. ടെക്നീഷ്യൻ ഗ്രേഡ്-II (സ്റ്റെറിലൈസേഷൻ ടെക്നീഷ്യൻ ഗ്രേഡ്-II) തസ്തികയുടെ ശമ്പളസ്കെയിൽ Rs.9940-16580 ആയിരുന്നു. |
| **(സി)** സംസ്ഥാനത്ത് ഏതൊരു വകുപ്പിലും താഴ്ന്ന തസ്തികയിൽ നിന്നും ഉയർന്ന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ശമ്പള സ്കെയിലിൽ വ്യത്യാസം ഉണ്ടാകാറുണ്ടോ; ഉണ്ടെങ്കിൽ ആരോഗ്യ വകുപ്പിലെ ജൂനിയർ ലബോറട്ടറി അസിസ്റ്റൻറ് തസ്തികയുടെ സ്ഥാനക്കയറ്റത്തിലും ശമ്പള സ്കെയിലിൽ വ്യത്യാസം ഉണ്ടാകുന്നുണ്ടോ; ഇല്ലെങ്കിൽ ഈ അപാകത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എല്ലായ്പ്പോഴും പ്രൊമോഷനുകൾക്ക് ശമ്പള സ്കെയിലിൽ വ്യത്യാസം ഉണ്ടാകണമെന്ന് നിർബന്ധമില്ല. |

| | |
|---|---|
| **(ഡി)** ആരോഗ്യ വകുപ്പിലേയും ഫുഡ് സേഫ്റ്റി വകുപ്പിലേയും സമാന തസ്തികകളിൽ നിയമനത്തിന് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്താണ്; ഈ വകുപ്പുകളിൽ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെയും ലബോറട്ടറി അസിസ്റ്റൻറ് തസ്തികയുടെയും ശമ്പള സ്കെയിലുകൾ തമ്മിൽ വ്യത്യാസം ഉണ്ടോ; ഉണ്ടെങ്കിൽ ഇതിലെ വ്യത്യാസം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | ആരോഗ്യ വകുപ്പിലും ഫുഡ് സേഫ്റ്റി വകുപ്പിലും പൊതുവായി ലാബ് അസിസ്റ്റന്റ്, ജൂനിയർ ലാബ് അസിസ്റ്റന്റ്, പാക്കർ എന്നീ തസ്തികകൾ നിലവിലുണ്ട്. ഇരു വകുപ്പുകളിലും ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക Rs.17500-39500 എന്ന ശമ്പള സ്കെയിലിലും, പാക്കർ തസ്തിക Rs.17000-37500 എന്ന ശമ്പള സ്കെയിലിലുമാണ് നിലവിലുള്ളത്. എന്നാൽ ലാബ് അസിസ്റ്റന്റ് തസ്തിക ആരോഗ്യ വകുപ്പിൽ Rs.17000-37500 എന്ന ശമ്പള സ്കെയിലിലും ഫുഡ് സേഫ്റ്റി വകുപ്പിൽ Rs.18000-41500 എന്ന ശമ്പള സ്കെയിലിലുമാണ് നിലവിലുള്ളത്. ലാബ് അസിസ്റ്റന്റ്, ജൂനിയർ ലാബ് അസിസ്റ്റന്റ്, പാക്കർ തസ്തികകളുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്സ് വിജയമാണ്. ശമ്പള സ്കെയിലിലെ വ്യത്യാസം പരിഹരിക്കുന്നതു സംബന്ധിച്ച ശുപാർശകളൊന്നും സർക്കാരിന്റെ പരിഗണന യിലില്ല. |

സെക്ഷൻ ഓഫീസർ